കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി.പി12-1354/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 25/09/2025
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി.പി12-1354/25 തീയ്യതി: 25/09/2025

പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-07-2024 മുതൽ 16-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷോബി.വി.പി	ഡെപ്യൂട്ടി ഡയറക്ടർ	17-07-2025	28-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-07-2025	28-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ - ഓഡിറ്റ് ഓഫീസർ
രാജേശ്വരി.സി - സീനിയർ ഗ്രേഡ് ഓഡിറ്റർ
സൌരത്.സി. - സീനിയർ ഗ്രേഡ് ഓഡിറ്റർ
സന്ദീപ്.കെ.വി - ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പി.ശാസ്തകുമാർ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.സുരേഷ്.ടി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	12-05-2024
ശ്രീ.എം.ഹരികൃഷ്ണൻ	സെക്രട്ടറി	13-05-2024	21-01-2025
ശ്രീ.സാജി.എസ്	സെക്രട്ടറി	22-01-2025	31-01-2025
ശ്രീ.എം.ഹരികൃഷ്ണൻ	സെക്രട്ടറി	01-02-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുരേഷ്.ടി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീ.കെ.വാസുദേവൻ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.അമ്പിളി.വി	വി.ഇ.ഒ. സർക്കിൾ-1	01-04-2024	31-03-2025
ശ്രീമതി.സജിതകുമാരി.പി	വി.ഇ.ഒ. സർക്കിൾ-2	01-04-2024	31-03-2025
ശ്രീമതി.കണ്ണമ്മ.യു.ആർ	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ.സന്ധ്യ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	01-04-2024	30-04-2024
ഡോ.അബ്ബാസ്	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	01-05-2024	14-10-2024
ഡോ.സന്ധ്യ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	15-10-2024	30-11-2024
ഡോ.അബ്ബാസ്	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	01-12-2024	31-03-2025

ഡോ.കെ.ശോഭ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	13-07-2024
ഡോ.ജോഷ്ന	മെഡിക്കൽ ഓഫീസർ, ആയുർവേദം	14-07-2024	21-08-2024
ഡോ.ആശ.പി.	മെഡിക്കൽ ഓഫീസർ, ആയുർവേദം	22-08-2024	03-02-2025
ഡോ.അഞ്ജു മുകുന്ദൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം	04-02-2025	31-03-2025
ശ്രീമതി.ധന്യ.കെ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ.ഗോപാലകൃഷ്ണൻ.എം.വി,	ഹെഡ് മാസ്റ്റർ	01-04-2024	31-03-2025
ശ്രീ.അജിത്കുമാർ	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	31-03-2025
ശ്രീ.ജയേഷ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	TSC - വരവ്, നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-2
4	ലോൺ തിരിച്ചടവ് ബാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	സംയുക്ത പദ്ധതിക്കുള്ള തുക വർഷങ്ങളായി നീക്കിയിരിപ്പ്	1-1-4
6	ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	വായില്യാംകുന്ന് ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല	1-11
17	വസ്തു നികുതി ചുമത്തുകയോ ലൈസൻസ് നൽകുകയോ ചെയ്യാതെ ജിംനേഷ്യം, ടർഫുകൾ പ്രവർത്തിക്കുന്നു	1-12
18	അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് വസ്തു നികുതി ഈടാക്കിയിട്ടില്ല	1-13
19	ഭരണസമിതി യോഗ മിനുട്സുകൾ അംഗീകരിക്കുന്നതിൽ കാലതാമസം	1-14
20	ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ "മാനത്തോളം" എന്ന പ്രോജക്ക്ട് നിർവഹണത്തിലെ അപാകതകൾ	1-15
21	ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്	1-16
22	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ - പ്രസ്തുത ഇൻവോയ്സ് പ്രകാരമുള്ള ഒരു മരുന്നും ലഭ്യമായിട്ടില്ല	1-17
23	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം-പദ്ധതി	1-18

	നടത്തിപ്പിലെ അപാകങ്ങൾ	
24	ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല-	1-19
25	പാലിയേറ്റീവ് കെയർ പ്രവർത്തനം പദ്ധതി അപാകതകൾ	1-20
26	MGNREGS- പ്രവൃത്തികളുടെ ബോർഡ് സ്ഥാപിക്കുന്നതിന് സൃഷ്ടി ബോർഡ് വർക്സിന് മുൻകൂർ നൽകിയ തുക ക്രമീകരിക്കേണ്ടതാണ്	1-21
27	സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല	1-22
28	ബി ആർ സി ക്ലസ്റ്റർ നവീകരണത്തിന് തുക നൽകൽ – ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല-	1-23
29	എ.ബി.സി പദ്ധതിയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്	1-24
30	കോക്ലിയർ ഇംപ്ലാന്റേഷൻ - സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല-	1-25
31	ആയുർവേദം ഗ്രാന്റ് - വാർഷിക കണക്കിൽ ക്രമീകരിച്ചെങ്കിലും തുക ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ നിന്നും മാറ്റിയിട്ടില്ല	1-26
32	ആസ്തി സംരക്ഷണ പദ്ധതി, അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി എന്നിവ തയ്യാറാക്കിയിട്ടില്ല	1-27
33	പാലിന് സബ്സിഡി - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു	1-28
34	തെരുവു വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ ഉറപ്പാക്കാതെയും തനത് ഫണ്ട് ചെലവഴിച്ചു	1-29
35	ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തനക്ഷമമായിട്ടില്ല	1-30
36	പഞ്ചായത്ത് കളിസ്ഥലം, ബാലവിഹാർ - പരിപാലനവും സംരക്ഷണവും ഉറപ്പ് വരുത്തണം	1-31
37	ഹാപ്പിനസ് പാർക്ക് - സ്വകാര്യ സ്ഥാപനവുമായി സഹകരിച്ച് നടപ്പിലാക്കി	1-32
38	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-33
39	ജൽജീവൻ മിഷൻ പദ്ധതി	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1

2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക് സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കടമ്പഴിപുറം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 04-06-2025 തീയതിയിലെ 1/1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 16-6-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും

അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 - ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ

തീയതി:25-09-25

1-1-1 അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 TSC - വരവ്, നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

Total Sanitation Campaign വാർഷിക കണക്ക് പ്രകാരം പലിശ വരവ് 24505രൂപയാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 32655രൂപയാണ്. 25-03-2025 തീയതിയിലെ പലിശ വരവ് 8150 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് അക്കൗണ്ട് പ്രകാരം യഥാർത്ഥ നീക്കിയിരിപ്പ് 1232483രൂപയാണ്. ആയത് വാർഷിക കണക്കിലെ B-4 – ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

1-1-3 ലോൺ തിരിച്ചടവ് ബാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്റർ പ്രകാരം 14513941രൂപയാണ് വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി ചേർത്തിട്ടുള്ളത്. വാർഷിക കണക്ക് B-5 പ്രകാരം ലോൺ തിരിച്ചടവ് ബാക്കി 14530825രൂപയാണ് ഉള്ളത്. 16884രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-4 സംയുക്ത പദ്ധതികളുള്ള തുക വർഷങ്ങളായി നീക്കിയിരിപ്പ്

B-4 പ്രകാരം Block Panchayat – Joint Venture Account ൽ 253105 രൂപയും District Panchayat Share – 335693 രൂപയും നീക്കിയിരുപ്പുണ്ട്. സംയുക്ത പദ്ധതികളുള്ള വിഹിതം ലഭ്യമായ സാമ്പത്തികവർഷം തന്നെ ചെലവഴിക്കേണ്ടതാണ് എന്നിരിക്കെ വർഷങ്ങളായി Joint Venture Account ൽ നീക്കിയിരുപ്പായി തുക അവശേഷിക്കുന്നത് ക്രമപ്രകാരമല്ല.

1-1-5 ആസ്തികളുടെ മൂല്യനിർണ്ണയം കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിക്കപ്പെട്ടിട്ടില്ല. തന്മൂലം ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയതിന്റെ കൃത്യത പരിശോധിച്ചുറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1-2 ബജറ്റ്

09-02-2024 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

പരിഷ്കരിച്ച ബജറ്റ് 20-02-2025 തീയതിയിലെ 5(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മുന്നിരിപ്പ്	₹9466641
വരവ്	₹317623700
ആകെ	₹327090341
ചെലവ്	₹314030300
നീക്കിയിരിപ്പ്	₹13060041

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹24803936.50
വരവ്	₹64713735
ആകെ	₹89517671.50

ചെലവ്	₹58106724
നീക്കിയിരിപ്പ്	₹31410947.50

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	23853000	23853000	23853000	0
വികസനഫണ്ട് എസ്.സി..പി	0	10542000	10542000	9810842	731158
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	24454000	24454000	24454000	0
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	5504000	5504000	5461432	42568
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ബാങ്ക്	1806706	4204416	6011122	4839188	1171934
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക്	2987274	8670000	11657274	5265951	6391323
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ട്രഷറി	0	254259	254259	254259	0

എ) കേന്ദ്രാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
TSC	1083808*	32655**	0	0	1116463***
ICDS	1765512	2586494	4352006	1194005	3158001
ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres)	625407	705486	1330893	397569	933324
ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure)	668225	448714	1116939	658244	458695
സ്വച്ഛ് ഭാരത് അഭിയാൻ	0	339000	339000	339000	0

*TSC ബാങ്ക് അക്കൗണ്ട് പ്രകാരം മുന്നിരിപ്പ് (A/c No. SBI – 57046042627) 1199828രൂപ ആണ്

** വാർഷിക കണക്ക് പ്രകാരം പലിശ വരവ് 24505രൂപയാണ്. 25-03-2025 തീയതിയിലെ പലിശ വരവ് 8150 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

*** ബാങ്ക് അക്കൗണ്ട് പ്രകാരം യഥാർത്ഥ നീക്കിയിരിപ്പ് 1232483രൂപയാണ്

ബി) തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	19934	2324552*	2344486	2343486	1000
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	44435220	44435220	44435220	0
ആകെ	19934	46759772	46779706	46778706	1000

*വാർഷിക കണക്ക് പ്രകാരം വരവ് 2325244രൂപയാണ് 692രൂപയുടെ വ്യത്യാസം 2 പേർക്ക് മസ്റ്റർ റോൾ പ്രകാരം 346/- രൂപ വീതം അധികം നൽകിയത് ടിയാളുകൾ തിരികെ അടച്ചത് MGNREGS State Mission Account ലേക്ക് അടവാക്കുന്നതിന് വേണ്ടി രസീപ്റ്റ് ചെയ്തിട്ടുള്ളതാണ്.

സി) സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ശുചിത്വ മിഷൻ	116020	0	116020	0	116020

ഗ്രാന്റ്					
ലൈഫ് മിഷൻ (State Share)	200000	1300000	1500000	700000	800000
ആയുർവേദം	450000	0	450000	448999*	1001

*2023-24 ൽ പ്രൊജക്റ്റ് നം.194/24 - ആയുർവേദ ആശുപത്രി -അധിക പ്രവൃത്തികൾ പ്രകാരം തനത് ഫണ്ടിൽ നിന്നും തുക നൽകിയത് ക്രമീകരിച്ചതായി അക്കൗണ്ട് ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാന്റ് തുക 450000രൂപ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres) അക്കൗണ്ടിലാണ് ഉള്ളത്. തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റി ക്രമീകരിച്ചിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
262	165076463	228	92802663	0	34	87

1-5-1

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	5	5	4019800	3299290	82
വെറ്ററിനറി സർജ്ജൻ	9	9	4892500	1846000	37.73
മെഡിക്കൽ ഓഫീസർ-PHC	22	21	4224303	3616255	85.60
മെഡിക്കൽ ഓഫീസർ-ആയുർവേദം	3	3	1550000	1548177	99.88
വി.ഇ.ഒ-1	12	12	6836350	1510430	22
വി.ഇ.ഒ-II	7	5	1755000	1037959	59.14
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	6	7848800	6137945	78.20
സെക്രട്ടറി	39	29	11284587	10637792	94.26

അസി.സെക്രട്ടറി	7	7	3730200	2861047	77
അസിസ്റ്റന്റ് എഞ്ചിനീയർ	141	123	52355273	42096233	80.40
എച്ച്.എം	9	9	3040000	2605165	86
ഡയറി ഫാം ഇൻസ്പെക്ടർ	1	1	2012500	2012500	100
ആകെ	262	228	165076463	92802663	56.21

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	19934	2324552*	2344486	2343486	1000
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	44435220	44435220	44435220	0
ആകെ	19934	46759772	46779706	46778706	1000

*വാർഷിക കണക്ക് പ്രകാരം വരവ് 2325244രൂപയാണ് 692രൂപയുടെ വ്യത്യാസം 2 പേർക്ക് മസ്റ്റർ റോൾ പ്രകാരം 346/- രൂപ വീതം അധികം നൽകിയത് ടിയാളുകൾ തിരികെ അടച്ചത് MGNREGS State Mission Account ലേക്ക് അടവാക്കുന്നതിന് വേണ്ടി രസീപ്റ്റ് ചെയ്തിട്ടുള്ളതാണ്.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	8418400	511
2	വിധവാ പെൻഷൻ	23201000	1550
3	വാർദ്ധക്യകാല പെൻഷൻ	34202500	2520
4	വികലാംഗ പെൻഷൻ	6836500	446
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ	2918000	191

	വനിതകൾക്കുള്ള പെൻഷൻ		

1-8 ക്യാഷ് പരിശോധന

2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17/07/25 തീയ്യതിയിൽ 4pm ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ₹2655/- (രണ്ടായിരത്തി അറുനൂറ്റി അമ്പത്തി അഞ്ച് രൂപ) വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. 01.04.25 മുതൽ ഗ്രാമപഞ്ചായത്തിൽ K-SMART സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൂർണ്ണമായും K-SMART സംവിധാനത്തിലൂടെയാണ് വരവ് -ചെലവ് വിവരങ്ങൾ അക്കൌണ്ട് ചെയ്യപ്പെടുന്നത്. എന്നാൽ K-SMART ലേക്ക് മാറിയതുമുതൽ വരവ് ചെലവ് വിവരങ്ങൾ റീകൺസിൽ ചെയ്യപ്പെടുന്നില്ല.

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. തനത് ഫണ്ട് ചെലവഴിക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും പ്രൊക്യൂർമെന്റ് മാന്വലും ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം, റിപ്പയർ തുടങ്ങിയവ പ്രോജക്റ്റ് രൂപീകരിച്ച് ചെലവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഗ്രാന്റുകളിൽ വേണ്ടത്ര ചെലവു പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

23-11-2015 മുതൽ 5-12-2015 വരെ വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് 9/2022, 10/2022 എന്നീ മാസങ്ങളിലെ ഓഡിറ്റ് 18.11.2022 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1-11 വായില്യാംകുന്ന് ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് താമസിച്ചുകൊണ്ട് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മലബാർ ദേവസം വകുപ്പിനു കീഴിലുള്ളതും പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നതുമായ വായില്യാംകുന്ന് ക്ഷേത്രത്തിൽ ജോലി ചെയുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്ന് കണ്ടു. പ്രസ്തുത ക്ഷേത്രത്തിലെ സ്ഥാപന മേധാവിയിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച റിട്ടേൺ ലഭ്യമാക്കി, ജീവനക്കാരിൽ നിന്ന് നിയമാനുസൃതം ലഭ്യമാക്കേണ്ട തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 11/25.07.2025 ന് ലഭ്യമാക്കിയ മറുപടിയിൽ വായില്യാംകുന്ന് ക്ഷേത്രം മലബാർ ദേവസത്തിന് കീഴിൽ പ്രവർത്തിക്കുന്നതാണ് എന്ന് അറിയാത്തത് കൊണ്ടാണ് തൊഴിൽ നികുതി ഈടാക്കാത്തത് എന്നും ഈ സാമ്പത്തിക വർഷം മുതൽ തൊഴിൽ നികുതി ഈടാക്കാമെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദേശം

വായില്യാംകുന്ന് ക്ഷേത്രത്തിൽ എത്ര പേർ ജോലി ചെയുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി ചുമത്തുകയോ ലൈസൻസ് നൽകുകയോ ചെയ്യാതെ ജിംനേഷ്യം, ടർഫുകൾ പ്രവർത്തിക്കുന്നു

എ) ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.77/2023/LSGD തീയതി- 22.03.2023 ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 19/07/2023 ലെ തീരുമാനം നം.2/1 പ്രകാരം മേൽ ഉത്തരവുകൾക്കനുസൃതമായി കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ വിജ്ഞാപന പ്രകാരം ഗ്രാമ പഞ്ചായത്ത്

പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 25 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ഈ ഉപയോഗക്രമത്തിലുള്ള യാതൊരു സ്ഥാപനങ്ങളെയും നമ്പർ ഇടുകയോ വസ്തുനികുതി ചുമത്തുകയോ ചെയ്തിട്ടില്ല എന്ന് കണ്ടു.

നിയമാനുസൃതം വസ്തു നികുതി ചുമത്തുകയോ ലൈസൻസ് നൽകുകയോ ചെയ്യാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും ജിംനേഷ്യങ്ങളുടേയും ടർഫുകളുടെയും വിവരം ചുവടെ നൽകുന്നു.

ക്രമ നം	ജിംനേഷ്യം/ ടർഫുകളുടെ പേര്
1	HP FITNESS STUDIO
2	HIGH POWER UNISEX GYM
3	MY GYM LADIES & GENTS FITNESS CENTRE
4	TURF KADAMAPAZHIPURAM

ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963- ലെ Kerala Public Places Of Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11/07/2022 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ത.സ്വ.ഭ.വ -ന്റെ എൽ.എസ്.ജി.ഡി -ആർ ഡി 1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963 ലെ Kerala Public Places Of Resort Act പ്രകാരം ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃത്യമായി കണ്ടെത്തുക

2. പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്നുമാസത്തിനുള്ളിൽ ലൈസൻസ് നേടുവാൻ നിർദ്ദേശിച്ചു നോട്ടീസ് നൽകുക

3. നോട്ടീസ് നൽകുന്നതിന് മുൻപോ കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസം വരെയുള്ള കാലയളവിലോ ജിംനേഷ്യങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ മേൽ സൂചിപ്പിച്ച വിവിധ വാർഡുകളിൽ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം ജിംനേഷ്യങ്ങളെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങളെ കൂടാതെ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന മറ്റു ജിംനേഷ്യങ്ങളെ കണ്ടെത്തുന്നതിനായി ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം

(5/21.07.2025) നൽകിയതിന് ലഭിച്ച മറുപടിയിൽ 09/995 കെട്ടിടത്തിന് മാത്രമാണ് മേൽ പറഞ്ഞ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. ബാക്കിയുള്ള സ്ഥാപനങ്ങളുടേയും വസ്തുനികുതി അസസ്സ് ചെയ്ത് നികുതി ഈടാക്കി ഫോം 6 ഉൾപ്പടെ ഹാജരാക്കേണ്ടതാണ്.

2.ലൈസൻസ് നല്കി, രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

1-13 അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് വസ്തു നികുതി ഈടാക്കിയിട്ടില്ല

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള, വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18ആം ഭേദഗതി ആക്ടിലൂടെ (2023 ലെ കേരള ധനകാര്യ(2-ാം നമ്പർ) ആക്റ്റ്) 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. 2023-24 വർഷം മുതൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്യാവുന്നതാണ് എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം ചുവടെ നൽകുന്നു

ക്രമ നം	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്	വാർഡ്	ച. മീ
1	ശ്രീകൃഷ്ണപുരം സെൻട്രൽ സ്കൂൾ	1	38
2	സരസ്വതി വിദ്യാലയം	-	-
3	ലക്ഷ്മി നാരായണ	10	605

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/21.07.2025) ലഭിച്ച മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ സെൻട്രൽ സ്കൂൾ മാത്രമാണ് അൺഎയിഡഡ് എന്ന് മറുപടി നൽകി. എന്നാൽ പഞ്ചായത്തിന്റെ വികസനരേഖ പരിശോധിച്ചപ്പോൾ മേൽ പട്ടികയിലെ ക്രമ നം 2,3 സ്കൂളുകൾ കൂടി പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയാൻ കഴിഞ്ഞു. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ മുഴവൻ അൺഎയിഡഡ് സ്ഥാപനങ്ങളെയും വസ്തു നികുതി നിർണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഭരണസമിതി യോഗ മിനുട്സുകൾ അംഗീകരിക്കുന്നതിൽ കാലതാമസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.)

3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനുട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനുട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനുട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനുട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

മിനുട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

യോഗം ചേർന്ന തീയതി	സെക്രട്ടറി മിനുട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി
30.7.24	7.10.24
14.8.24	9.10.24
30.8.24	11.11.14
11.9.24	12.11.24
30.9.24	3.12.24
11.9.24	12.11.24
30.9.24	3.12.24
14.10.24	3.12.24
26.11.24	26.12.24
9.1.25	6.3.25
13.1.25	30.3.25
20.2.25	6.5.25
14.3.25	27.5.25
25.3.25	6.5.25
28.3.25	11.7.25
8.4.25	30.6.25
28.4.25	30.6.25

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനുട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/24.7.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി യോഗ മിനുട്സുകൾ സമയബന്ധിതമായി തയ്യാറാക്കി അംഗീകാരം വാങ്ങിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ "മാനത്തോളം" എന്ന പ്രോജക്ക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ടിന്റെ പേര്	**മാനത്തോളം**
പ്രോജക്ട് നമ്പർ	SO 136/2024-25
അടങ്കൽ	100000/- (വി.ഫ- പൊതു വിഭാഗം)
ചെലവ്	44190/-(വി.ഫ- പൊതുവിഭാഗം)
ബിൽ നം./തീയതി, തുക	02/2025- 04.06.2024 – 44190/-
നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ സർക്കാർ യു പി സ്കൂൾ

ഹെഡ്മാസ്റ്റർ സർക്കാർ യു പി സ്കൂൾ, നിർവഹണ ഉദ്യോഗസ്ഥനായി, മാനത്തോളം എന്ന മേൽ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ, ജിയുപിഎസ് കടമ്പഴിപ്പുറം,എഎൽപിഎസ് വേട്ടേക്കര, എഎൽപിഎസ് ആലങ്ങാട്, എഎൽപിഎസ് പുല്ലുണ്ടശ്ശേരി, എയുപിഎസ് അഴിയന്നൂർ, എച്ച് എസ് കടമ്പഴിപ്പുറം എന്നീ സ്കൂളുകളിലെ 63 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് എഎൽപിഎസ് പുല്ലുണ്ടശ്ശേരിയിൽ വച്ച് അറിവും ശാരീരിക ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിൽ ഉയരങ്ങൾ കീഴടക്കൽ, ടൈൽ കട്ടിംഗ്, കാട്ടു വെട്ടൽ , മരം മുറിക്കൽ, പെയിന്റിംഗ്, നെല്ല് കുത്തൽ, മരം ഈർന്ന് മുറിക്കൽ എന്നീ പ്രവർത്തനങ്ങളുടെ ആവശ്യാർത്ഥം ഉത്പന്നങ്ങളുടെ വിലയും അനുബന്ധ ചെലവുകൾക്കുമായി മേൽ വിവരിച്ച പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.

പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച മാർഗ്ഗരേഖയും മാനദണ്ഡവും വ്യക്തമാകാത്തതിനാൽ, വ്യക്തതക്കായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/ 23.07.2025) മറുപടി ലഭ്യമാക്കിയത് പ്രകാരം, കുട്ടികളിലെ അറിവും ശാരീരിക ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണെന്നും, ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 8(1), 18.03.2023, ശുപാർശപ്രകാരവും, 1(1)/20.03.2023 ഭരണാനുമതിയും പ്രകാരമാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത് എന്നും അറിയിച്ചു.

സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലോ, പ്രോജക്ട് മാർഗ്ഗരേഖയിലോ ഇത്തരം പദ്ധതി ഉൾപ്പെട്ടു കാണുന്നില്ല. ആയതിനാൽ മേൽ പ്രതിപാദ്യ മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഭവന നിർമ്മാണം പദ്ധതിയിൽ ലൈഫ് ഭവന പദ്ധതിയുടെ ഫയലുകൾ, രജിസ്റ്റർ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ലൈഫ് ഗുണഭോക്താക്കൾ പണം കൈപ്പറ്റിയെങ്കിലും വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യവും വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/26.07.2025) ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവ്	ആദ്യ ഗഡു അനുവദിച്ച തീയതി	റിമാർക്ക്സ്
1	സ്മിത	27.09.2018	07.08.2020തീയതി വരെ ആകെ 360000/- രൂപ, അനുവദിച്ചതായും, നിലവിൽ ഫിറ്റ് ഫോർ ഒക്കുപേഷൻ എന്നനിലയിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നും, പൂർത്തികരിക്കുന്ന മുറക്ക് ബാക്കി തുക അനുവദിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു
2	തത്ത	25.02.22	മെയിൻ വാർപ്പിനു ശേഷമുള്ള വർക്ക് ചെയ്തു കൊണ്ടിരിക്കുന്നു. പണിപൂർത്തീകരിക്കുന്ന മുറക്ക് അവസാന ഗഡു 60000 നൽകുന്നതാണെന്ന് അറിയിച്ചു
3	അമ്മിണി	09.02.22	മെയിൻ വാർപ്പിനു ശേഷമുള്ള വർക്ക് ചെയ്തു കൊണ്ടിരിക്കുന്നു. പണിപൂർത്തീകരിക്കുന്ന

			മുറക്ക് അവസാന ഗഡു 100000 നൽകുന്നതാണെന്ന് അറിയിച്ചു
4	അക്കമ്മ രാമൻ	02.01.2023	ടോയ് ലറ്റ് വർക്ക് ചെയ്തുകൊണ്ടിരിക്കുന്നു,
5	ഷൈലജ	06.07.2023	മെയിൻ വാർപ്പിനു ശേഷമുള്ള വർക്ക് ചെയ്തു കൊണ്ടിരിക്കുന്നു. പണിപൂർത്തീകരിക്കുന്ന മുറക്ക് അവസാന ഗഡു 60000 നൽകുന്നതാണെന്ന് അറിയിച്ചു
6	തത്ത	27.02.2023	ആകെ 280000 രൂപ അനുവദിച്ചു. വർക്ക് നിർത്തിവച്ചതിനാൽ നോട്ടീസ് അയച്ചിട്ടുള്ളതാണെന്നും, വർക്ക് പുനരാരംഭിക്കാമെന്ന് അറിയിച്ചതായും മറുപടി നൽകിയിട്ടുണ്ട്
7	ഇന്ദിര	06.07.2023	മെയിൻ വാർപ്പിനു ശേഷമുള്ള വർക്ക് ചെയ്തു കൊണ്ടിരിക്കുന്നു.
8	കുഞ്ഞിമുണ്ടി	03/2023	മെയിൻ വാർപ്പിനു ശേഷമുള്ള വർക്ക് ചെയ്തു കൊണ്ടിരിക്കുന്നു.
9	പാഞ്ചാലി	06.07.23	ഫിറ്റ് ഫോർ ഒക്കുപേഷൻ എന്ന നിലയിൽ പണി പൂർത്തിയായിട്ടില്ല
10	തങ്കമ്മ	06.07.23	ഫിറ്റ് ഫോർ ഒക്കുപേഷൻ എന്ന നിലയിൽ പണി പൂർത്തിയായിട്ടില്ല

11	തങ്കമ്മ	06.07.23	ഫിറ്റ് ഫോർ ഒക്കുപേഷൻ എന്ന നിലയിൽ പണി പൂർത്തിയായിട്ടില്ല

16.11.2013 ലെ സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ പ്രകാരം ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അല്ലാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലൈഫ് ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും മേൽ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-17 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ - പ്രസ്തുത ഇൻവോയ്സ് പ്രകാരമുള്ള ഒരു മരുന്നും ലഭ്യമായിട്ടില്ല

പ്രോജക്ട് നം	87/25
പ്രോജക്ടിന്റെ പേര്	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	150000(മെയിൻറനസ് ഫണ്ട്)
ചെലവ്	150000(മെയിൻറനസ് ഫണ്ട്)
വൌ. നം , തീയതി , തുക	24210552013001345861, 18.02.2025, 1,50,000/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ- സിഎച്ച്സി

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ പ്രോജക്ടിനായി 1,50,000/- രൂപ , ഇൻവോയ്സ് നം പിഎഫ്–1294, തീയതി 11.02.2025 പ്രകാരം, കേരളാ ഹോമിയോപ്പതി കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മേൽ വിവരിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമാക്കി, സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/28.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച പ്രകാരം 1,50,000/- രൂപ കേരളാ ഹോമിയോപ്പതി കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയെങ്കിലും, മേൽ പരാമർശിച്ച ഇൻവോയ്സ് പ്രകാരം ലഭ്യമാക്കേണ്ട, ഒരു മരുന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്നുകൾ എത്രയും പെട്ടന്ന്

ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ	
പ്രോജക്ട് നമ്പർ	197/25	102/25
അടങ്കൽ	500000/- (-എസ് സി പി-)	500000/- എസ് സി പി)
ചെലവ്	495000/- (എസ് സി പി)	3,96,000/
ബിൽ നം./തീയതി, തുക	13(1),13.12.2024 , 247500/- 13(2),13.12.2024 , 247500/-	16, 25.03.2025, 312000/- 17,25.03.2025 , 84000/-
നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ ഗവ. യു.പി. സ്കൂൾ	ഹെഡ് മാസ്റ്റർ ഗവ. യു.പി. സ്കൂൾ

(1)പ്രോജക്ട് നമ്പർ 197/25, (ബിൽ നം. 13(1)& 13(2) /13-12-2024- ₹247500/- & ₹247500/- ARTCO Invoice No PKD 185/06.02.2024- 50 No. Table& Chair) പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉപകരണം വാങ്ങി നൽകുന്നതിനായി 15.09.2023 ലെ ഭരണസമിതി തീരുമാനം 1 (3) പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ ആർട്ട്ക്കോ പാലക്കാട്, സിഡ്കോ കൊച്ചി, കാഡ്ക്കോ കോഴിക്കോട് എന്നീ മൂന്ന് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ലഭ്യമായതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത(4950) ആർട്ട്ക്കോയുടെ(പാലക്കാട്) ക്വട്ടേഷൻ അംഗീകരിച്ചു.

(2)പ്രോജക്ട് നമ്പർ 102/25, (ബിൽ നം. 17/25-03-2025- ₹84000/-ARTCO Invoice No PKD 634/24.03.2025- 80 Hardwood Chair) എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉപകരണം വാങ്ങി നൽകുന്നതിനായി 890രൂപ നിരക്കിൽ ആർട്ട്ക്കോയുടെ(പാലക്കാട്) സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തി പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്.

1. സ.ഉ(പി)നം.77/2019/ഫിൻ തീയതി 4-7-2019 പ്രകാരം ആർട്ട്കോ, ഇന്റീരിയർ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, SIDCO പൊതുവായ സിവിൽ പ്രവൃത്തികൾ നിർവഹിക്കുന്നതിനുമുള്ള PMC ഏജൻസി ആയാണ് അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത്. അത്തരത്തിൽ

അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികൾക്ക് അക്രഡിറ്റേഷൻ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അർഹതയുള്ളത്. സാധനങ്ങൾ വാങ്ങുന്നതിനു മാത്രം ടെണ്ടർ ക്ഷണിക്കുവാൻ വ്യവസ്ഥയില്ല. കൂടാതെ സ.ഉ (സാധാ) 21/23/SPD/24.2.23 നമ്പർ ഉത്തരവിനോട് അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിലെ ഇനങ്ങൾ മാത്രമാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നത്. പദ്ധതി പ്രകാരം വാങ്ങിയ ചെയർ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

2. 25000 രൂപക്ക് മുകളിലുള്ള സാധനങ്ങൾ GeM പോർട്ടലിൽ ലഭ്യമാണോയെന്ന് പരിശോധിച്ച് GeM പോർട്ടലിൽ ഇല്ലാത്ത സാധനങ്ങൾ സ.ഉ(പി)നം.259/2010/തസ്വഭവ തീയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം വാങ്ങാവുന്നതാണ്. പ്രോജക്ടുകൾക്കാവശ്യമായ ഫർണീച്ചർ GeM പോർട്ടലിൽ ലഭ്യമാണോയെന്ന് പരിശോധിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ചാണ് വാങ്ങലുകൾ നടത്തിയത്.

പ്രോജക്ട് മാർഗ്ഗരേഖ പ്രകാരം പഠനോപകരണങ്ങൾ ബന്ധപ്പെട്ട സ്കൂൾ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത് എന്ന് കൈപ്പറ്റ് രസീതിയിൽ നിന്ന് വ്യക്തമാകുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (06/23.07.2025) മറുപടിയായി ഗുണമേന്മയുള്ള ഉത്പന്നങ്ങൾ GEMൽ ഉണ്ടായിരുന്നില്ല എന്നും, ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ലഭ്യമാക്കാനാണ് ആർട്ട്ക്കോയിൽ നിന്ന് വാങ്ങൽ നടത്തിയതെന്നും അറിയിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ സൌകര്യം കണക്കിലെടുത്താണ് പഠനോപകരണങ്ങൾ നേരിട്ട് വിതരണം ചെയ്തതെന്നും അറിയിച്ചിരിക്കുന്നു. പദ്ധതികൾ മാർഗ്ഗരേഖകളും നിർദേശങ്ങളും പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല-

പദ്ധതിയുടെ പേര്	ജാഗ്രതാ സമിതി
പദ്ധതി നമ്പർ	134/25 & 47/25
പദ്ധതി അടങ്കൽ	(1) 50000/- (വികസന ഫണ്ട് പൊതുവിഭാഗം) (2) 50000/-(വികസന ഫണ്ട് പൊതുവിഭാഗം)
പദ്ധതി	(1) 31510/-

ചെലവ്	(2) 46700/-
എസിആർ ബിൽ നം./തീയതി	(1)232105520132015580010/26.03.24 – 31,510/- (2)242105520132016790066/ 24.03.2025 - 46,700/-
നിർവഹണം	ഐസിഡിഎസ് സൂപ്പർവൈസർ

സർക്കാർ ഉത്തരവ് നം 84/2022/lsgd, 19.04.2022 ലെ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.3.1(2) പ്രകാരം വാർഡ് ഗ്രാമ ഭരണ പ്രദേശങ്ങളിൽ ജാഗ്രത സമിതി രൂപീകരിക്കണമെന്ന് നിർദേശമുണ്ട്. ജാഗ്രത സമിതിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിൽ അവബോധ ക്ലാസ് സംഘടിപ്പിച്ചിട്ടുള്ളതിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കി. എന്നാൽ മേൽ ഉത്തരവ് പ്രകാരം ജാഗ്രത സമിതി രൂപീകരിക്കണമെന്ന നിർദേശപ്രകാരം ജാഗ്രത സമിതികൾ രൂപീകരിക്കാനുള്ള പഞ്ചായത്ത് സമിതി തീരുമാനം, രൂപീകരണം, പ്രവർത്തിച്ചുവരുന്ന അംഗങ്ങളുടെ വിവരങ്ങൾ, യോഗ മിനുട്സ് മുതലായവയും, അവബോധ ക്ലാസ് സംഘടിപ്പിച്ചിട്ടുള്ളതിൽ പങ്കെടുത്തവരുടെ ഹാജർ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (13/25.07.2025) നൽകിയതിനെ തുടർന്ന് ജാഗ്രത സമിതി വാർഡ്തലയോഗ മിനുട്സ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയത് പ്രകാരം വാർഡ് തല ജാഗ്രത സമിതി അവസാനം യോഗം ചേർന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം	ജാഗ്രത സമിതി അവസാനം യോഗം ചേർന്നതീയതി
1	രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല
2	01.05.25
3	17.12.2022
4	24.03.25
5	16.07.25
6	രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല
7	28.01.23
8	02.03.24
9	31.05.2025
10	23.01.23
11	15.03.25
12	20.06.25
13	22.03.25

14	22.03.25
15	06.04.25
16	26.12.22
17	രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല
18	രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

മേൽ പട്ടികയിലെ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിലെ ജാഗ്രത സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ആയതിനാൽ ജാഗ്രത സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തി പദ്ധതി ലക്ഷ്യം കൈവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 പാലിയേറ്റീവ് കെയർ പ്രവർത്തനം പദ്ധതി അപാകതകൾ

പ്രോജക്റ്റ് നം, പേര്	(1) 75/25& (2) 129/25, പാലിയേറ്റീവ് കെയർ
അടങ്കൽ	(1) ₹ 950000 (വികസന ഫണ്ട്-850000,തനത് ഫണ്ട് -100000) , (2) ₹ 136320(വികസന ഫണ്ട്)
ചെലവ്	(1) ₹727242 (വികസന ഫണ്ട്-627242, തനത് -100000) 2)135238(വി.ഫ)
നിർവഹണം	മെഡിക്കൽ ഓഫീസർ (സി.എ.ച്ച്സി.)

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(സാധാ)നം.553/2019/ത.സ്വ.ഭ.വ, തീയതി.07.03.2019] പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ, പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ മാർഗ്ഗരേഖ ഖണ്ഡിക- 2.6.3 പ്രകാരമുള്ള ആവശ്യമായ വിവരങ്ങൾ/രേഖപ്പെടുത്തലുകൾ ഇല്ല.

2. ആഴ്ചയിൽ ഒരു പ്രാവശ്യം ഹോംകെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമായ സേവനങ്ങൾ എന്തെക്കൊയെന്ന് വിശദീകരിച്ച് കൊടുക്കേണ്ടതും സാക്ഷ്യപ്പെടുത്തി

വാങ്ങണമെന്ന് മാർഗരേഖ ഖണ്ഡിക- 2.6.4 പറയുന്നുണ്ട്. എന്നാൽ അത്തരത്തിൽ ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ് (മാർഗരേഖ ഖണ്ഡിക - 2.9.2). പിഎംസി മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

4. പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിശദാംശങ്ങൾ തദ്ദേശസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ ദീർഘകാലത്തേക്ക് മരുന്നുകൾ കഴിക്കേണ്ടിവരുകയോ ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുകയോ ഏതെങ്കിലും തരത്തിൽ ദീർഘകാലത്തെ പരിചരണം വേണ്ടി വരുകയോ ചെയ്യുന്ന എല്ലാ രോഗികളെയും ആശമാരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ കണ്ടെത്തി വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (മാർഗരേഖ ഖണ്ഡിക – 2.2.1).

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ടുള്ള പുതുക്കിയ മാർഗരേഖ പ്രകാരമുള്ള മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/28.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് പരിചരണം, മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 MGNREGS- പ്രവൃത്തികളുടെ ബോർഡ് സ്ഥാപിക്കുന്നതിന് സൃഷ്ടി ബോർഡ് വർക്സിന് മുൻകൂർ നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

MGNREGS പ്രവൃത്തികളുടെ ബോർഡ് വെച്ചതിന് കുടുംബശ്രീ സംരംഭമായ സൃഷ്ടി ബോർഡ് വർക്സ്, കടമ്പഴിപ്പുറം എന്ന സ്ഥാപനത്തിന് 233000രൂപ കൊടുത്തു തീർക്കാനുള്ളത് തൊഴിലുറപ്പ് ഫണ്ട് ലഭ്യമാവുന്നത് വരെ കാത്തിരിക്കാനുള്ള സാമ്പത്തിക ശേഷി ഇല്ല എന്ന് സ്ഥാപനം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 29-01-2025 തീയതിയിലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം.4(1) പ്രകാരം താൽക്കാലികമായി 150000രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ തീരുമാനിക്കുകയും 13-02-2025 തീയതിയിലെ വൗച്ചർ നം.22401317 പ്രകാരം തനതു ഫണ്ട് ട്രഷറി അക്കൗണ്ടിൽ നിന്നും തുക മുൻകൂറായി സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് തിരിച്ചടയ്ക്കാമെന്ന് സ്ഥാപനം സമ്മതിച്ചതായും തിരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരിശോധനയിൽ തുക ക്രമീകരിച്ചതായി കണ്ടിട്ടില്ല. തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നമ്പർ 20/28-07-2025 പ്രകാരം

ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. MGNREGS പ്രവൃത്തികളുടെ ബോർഡ് വെച്ചതിന് സൃഷ്ടി ബോർഡ് വർക്സ് എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും താത്കാലികമായി അനുവദിച്ച 150000രൂപ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ ആരംഭിച്ചതും 2024-25 വർഷത്തിൽ സ്പിൽ ഓവർ ആക്കിയതുമായ താഴെ പറയുന്ന പദ്ധതികൾ തൻവർഷം നടപ്പിലാക്കിയില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണവും അവയുടെ നിലവിലെ സ്ഥിതി വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/25-07-2025) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം	പ്രൊജക്ട്	അടങ്കൽ	ഫണ്ടിനം	നടപ്പിലാക്കാതിരുന്നതിന്റെ കാരണം
1	145/25 – ബാലവിഹാറിലേയ്ക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ	250000	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	28-02-24, 06-01-25 തീയതികളിൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ഗ്രൗണ്ട് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് എടുത്ത് അറിയിക്കുന്നത് പ്രകാരം ഡെപ്പോസിറ്റ് ആയി തുക അടവാക്കുന്നതാണ്
2	140/25 – മാലിന്യ മുക്ത നവകേരളം ക്യാമ്പെയിൻ	189460	വികസന ഫണ്ട് - ജനറൽ	മാലിന്യ മുക്ത ക്യാമ്പെയിൻ തുടർന്നു കൊണ്ടിരിക്കുന്നു. 2025-26 വർഷത്തെ വാർഷിക പദ്ധതി പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്

സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കലും സ്വീകരിക്കേണ്ട തുടർ നടപടികളും സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി-14/04/2022 ഖണ്ഡിക 11 -ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും അല്ലാത്ത പക്ഷം നിർവഹണ നടപടികൾ ആരംഭിക്കാത്ത പ്രൊജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാവുന്നതും ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ നിർവഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കേണ്ടതുമാണ്.

1-23 ബി ആർ സി ക്ലസ്റ്റർ നവീകരണത്തിന് തുക നൽകൽ – ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല-

പ്രൊജക്റ്റ് നം., പേര്	119/25, ബി ആർ സി ക്ലസ്റ്റർ നവീകരണത്തിന് തുക നൽകൽ
അടങ്കൽ	150000 രൂപ, തനത് ഫണ്ട്
വൗച്ചർ നം./ തീയതി, ചെലവ്	22401325/13-02-25 – 150000 രൂപ
നിർവഹണം	സെക്രട്ടറി

ബി ആർ സി ക്ലസ്റ്റർ നവീകരണത്തിനായി ബി.ആർ.സിയ്ക്ക് തുക നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് പദ്ധതി. ഫയൽ പരിശോധിച്ചതിൽ പ്രൊജക്റ്റ് പ്രകാരമുള്ള ചെലവ് തുക 150000രൂപ സ്പെഷൽ കെയർ സെന്റർ റേനോവേഷൻ ഗവ.യു.പി സ്കൂൾ, കടമ്പഴിപുറത്തിന്റെ പേരിൽ കേരള ഗ്രാമീൺ ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്കാണ് (A/c No.40705101101218) നൽകിയിട്ടുള്ളതെന്ന് കണ്ടു. "കടമ്പഴിപുറം ജി.യു.പി സ്കൂളിലെ സ്പെഷൽ കെയർ സെന്ററിന് ഗ്രാമപഞ്ചായത്ത് അനുവദിച്ച 150000രൂപ സെന്റർ സപ്പോർട്ട് കമ്മിറ്റിയുടെ പേരിൽ തുടങ്ങിയ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (A/c No.40705101101218) മാറ്റി തരണമെന്ന് " ബി ആർ സി ബ്ലോക്ക് പ്രൊജക്റ്റ് കോർഡിനേറ്റർ കത്ത് മുഖേന (കത്ത് നം./തീയതി രേഖപ്പെടുത്തിയിട്ടില്ല) ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി പ്രകാരം മേൽ അക്കൗണ്ടിലേയ്ക്ക് 150000രൂപ കൈമാറിയിട്ടുള്ളത്. 29-01-2025 തീയതിയിലാണ് ഗ്രാമീൺ ബാങ്കിൽ പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് എന്ന് ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി തുക എന്തിനെല്ലാം വേണ്ടി വിനിയോഗിച്ചു എന്നതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/25-07-25 നുള്ള മറുപടിയിൽ 150000രൂപ ശ്രീകൃഷ്ണപുരം ബ്ലോക്ക് ഓഫീസിലേയ്ക്ക് അടവാക്കിയിട്ടുണ്ട്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ രേഖകളുടെ പരിശോധനയിൽ തുക സ്പെഷൽ കെയർ സെന്റർ റേനോവേഷൻ ഗവ.യു.പി സ്കൂൾ, കടമ്പഴിപുറത്തിന്റെ പേരിലുള്ള അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ തുക എന്തിനെല്ലാമായി ചെലവഴിവച്ചുവെന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 150000രൂപ തടസ്സത്തിൽ വെക്കുന്നു.

1-24 എ.ബി.സി പദ്ധതിയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പാലക്കാട് ജില്ലാ പഞ്ചായത്തും, ജില്ലയിലെ മറ്റു ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും സംയുക്തമായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതി യുടെ നടത്തിപ്പിനായി 2024-25 വർഷത്തിൽ കടമ്പഴിപുറം ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 100000രൂപ പാലക്കാട്

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 799011400002200 STSB പാലക്കാട്) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

പ്രോജക്ക്	300/2025, ABC പ്രോഗ്രാം
അടങ്കൽ	100000 രൂപ
ഫണ്ടിനം	തനത് ഫണ്ട്
ചെലവ്	100000 രൂപ
വൗച്ചർ നം./തീയതി	22401547/20-03-25
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് തുക വകയിരുത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട് (നായ ഒന്നിന്, മൃഗസംരക്ഷണ വകുപ്പ് കണക്കാക്കിയ നിരക്ക് മരുന്നിനത്തിൽ 600 രൂപയും, 200 രൂപ നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിക്കുന്നതിന് 300 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിന്റെ പ്രതിഫലം ആകെ 1,500 രൂപ) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.12/25-07-25 പ്രകാരം ആവശ്യപ്പെട്ടപ്പോൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് മേൽ ചെലവു തുകയുടെ വിനിയോഗ വിവരം എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടതാണ്.

1-25 കോക്ലിയർ ഇംപ്ലാന്റേഷൻ - സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല-

പ്രൊജക്റ്റ് നം., പേര്	139/25 കോക്ലിയർ ഇംപ്ലാന്റേഷൻ (SO)
അടങ്കൽ	50000 രൂപ, വികസന ഫണ്ട് ജനറൽ
ചെലവ്	16/28.11.2024-50000 രൂപ
നിർവഹണം	സെക്രട്ടറി

മേൽ പദ്ധതി പ്രകാരം 50000 രൂപ നിഷാദ് പി, വേട്ടക്കര, കടമ്പഴിപ്പുറം എന്ന കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം ലഭ്യമാക്കുന്നതിനായി നിർവഹണ ഏജൻസിയായ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലേക്ക് (നം.

330100580000015) 50000 രൂപ മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണ രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/25-07-2025 – ന്റെ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്, തിരുവനന്തപുരത്തിന്റെ 09.11.2023 ലെ ഡിഎ1/284 /2023-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നല്കപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം തുക വകയിരുത്തിയിട്ടുള്ളത് പ്രസ്തുത കുട്ടികളുടെ പരാമർശിക്കപ്പെട്ടിട്ടുള്ള ആവശ്യത്തിലേക്ക് തന്നെ വിനിയോഗിക്കേണ്ടതാണെന്നും തുക വിനിയോഗം സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 50000രൂപ തടസ്സത്തിൽ വെക്കുന്നു.

1-26 ആയുർവേദം ഗ്രാന്റ് - വാർഷിക കണക്കിൽ ക്രമീകരിച്ചെങ്കിലും തുക ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ നിന്നും മാറ്റിയിട്ടില്ല

2023-24 വർഷത്തിൽ വാർഷിക കണക്ക് പ്രകാരം Fund For Transferred Institutions – Ayurveda എന്ന അക്കൗണ്ട് ഹെഡിൽ 450000രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 2023-24 വർഷത്തിലെ പ്രൊജക്ട് നം.194/24 - ആയുർവേദ ആശുപത്രി -അധിക പ്രവൃത്തികൾ എന്ന പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും 448999രൂപ തുക നൽകിയത് ക്രമീകരിച്ചതായി 2024-25 വർഷത്തെ അക്കൗണ്ട് ഹെഡ് ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. ആയതു പ്രകാരം 31-03-2025 - ന് പ്രസ്തുത ഹെഡിലെ നീക്കിയിരിപ്പ് 1001രൂപയാണ്. വാർഷിക കണക്കിൽ തുക തനത് ഫണ്ടിലേയ്ക്ക് ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാന്റ് തുക 450000രൂപ നിലവിലും പഞ്ചാബ് നാഷണൽ ബാങ്കിലുള്ള ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres) അക്കൗണ്ടിലാണ് ഉള്ളത് എന്ന് കണ്ടെത്തി.

പ്രസ്തുത അക്കൗണ്ട് ഹെൽത്ത് ഗ്രാന്റ് പ്രത്യേകോദ്ദേശത്തിനു വേണ്ടി മാത്രമുള്ളതിനാൽ തുക തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 23/28-07-25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-27 ആസ്തി സംരക്ഷണ പദ്ധതി, അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി എന്നിവ തയ്യാറാക്കിയിട്ടില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

ആസ്തികളുടെ ഡിജിറ്റലൈസേഷന് നാളിതുവരെ ചെലവഴിച്ച തുക, ആയത് പ്രകാരമുള്ള ആസ്തികളുടെ അപ്ഡേഷൻ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. (റോഡുകൾ, കെട്ടിടങ്ങൾ ഉൾപ്പെടെ). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെയും ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയും വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

